പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4355 27/06/2013 ൽ മറുപടിയ്ക്ക്

## ഇ - ഡിസ്ട്രിക്ട് പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി. തിലോത്തമൻ | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| ഇ - ഡിസ്ട്രിക്ട് പദ്ധതിയിലൂടെ അക്ഷയ കേന്ദ്രങ്ങളിൽ അപേക്ഷ നൽകി ജനങ്ങൾ വാങ്ങുന്ന സർട്ടിഫിക്കറ്റുകൾ വിവിധ ആവശ്യങ്ങൾക്ക് സമർപ്പിക്കുമ്പോൾ പ്രസ്തുത സർട്ടിഫിക്കറ്റുകളുടെ വിശ്വാസ്യത പരിശോധിക്കുവാൻ എന്തെങ്കിലും സംവിധാനങ്ങൾ ഇവ സ്വീകരിക്കുന്ന ഓഫീസുകളിൽ ഉണ്ടാകുമോ; വ്യാജസർട്ടിഫിക്കറ്റുകൾ സൃഷ്ടിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | വില്ലേജ് ഓഫീസുകളിൽ/താലൂക്ക് ഓഫീസുകളിൽ നിന്നും ലഭിച്ചുകൊണ്ടിരുന്ന വിവിധ സർട്ടിഫിക്കറ്റുകൾ അക്ഷയകേന്ദ്രം വഴി നൽകുമ്പോൾ വില്ലേജ് ഓഫീസറുടെ/ തഹസിൽദാരുടെ ഡിജിറ്റൽ ഒപ്പോടുകൂടിയാണ് നൽകുന്നത്. ആയതിനാൽ വ്യാജ സർട്ടിഫിക്കറ്റുകൾ ഉൾപ്പെടുത്താനുള്ള സാധ്യത ഇല്ല. മാത്രമല്ല, സംശയം തോന്നുന്ന പക്ഷം ഏതൊരു ഓഫീസർക്കും www.edistrict.kerala.gov.in എന്ന വെബ്സൈറ്റ് വഴി പ്രസ്തുത സർട്ടിഫിക്കറ്റുകളുടെ നിജസ്ഥിതി പരിശോധിക്കാവുന്നതുമാണ്. |

സെക്ഷൻ ഓഫീസർ